**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 256** **16-09-2025 - ൽ മറുപടിയ്ക്ക്**

**ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ആര്യാടൻ ഷൗക്കത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കഴിഞ്ഞ 9 വർഷമായി ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ ; | (എ) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ കഴിഞ്ഞ 9 വർഷത്തിനിടെ ദന്തൽ ഹൈജീനിസ്റ്റ് -1, ഡയാലിസിസ് ടെക്നീഷ്യൻ -2 എന്നീ തസ്തികകൾ സൃഷ്ടിക്കുകയും പൊതുജനങ്ങൾക്കുള്ള ചികിത്സ ഉറപ്പ് വരുത്തുന്നതിനായി ദേശീയ ആരോഗ്യദൗത്യം, വിമുക്തി, കാസ്പ് എന്നിവ മുഖേന 5 ഡോക്ടർമാരെയും 33 നഴ്സിംഗ് ഓഫീസർമാരെയും നിയമിച്ചിട്ടുമുണ്ട്. |
| (ബി) | രണ്ടായിരത്തോളം രോഗികൾ ദിവസേന ഔട്ട്പേഷ്യന്റായി വരുന്നതും മുന്നൂറിലധികം രോഗികളെ കിടത്തി ചികിത്സിക്കുന്നതുമായ നിലമ്പൂർ ജില്ലാ ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനനുസരിച്ചുള്ള ഡോക്ടർമാരും മറ്റ് ജീവനക്കാരും ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | നിലമ്പൂർ ജില്ലാ ആശുപത്രിയിൽ PSC മുഖാന്തരമുള്ള 35 ഡോക്ടർമാരും 5 താൽക്കാലിക ഡോക്ടർമാരും ഉൾപ്പെടെ 40 ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. ഈ ആശുപത്രിയിൽ ചികിത്സ തേടുന്ന രോഗികൾക്ക് അനുസൃതമായ ജീവനക്കാരുടെ തസ്തികകൾ നിലവിലുണ്ട്. കൂടാതെ ആരോഗ്യ സ്ഥാപനങ്ങളിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ